# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 ആഗസ്റ്റ് 7, തിങ്കൾ

**നമ്പർ 80**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

(സഭാ നടപടികൾ ആരംഭിക്കുന്നതിനുമുൻപ് ദേശീയഗാനം ആലപിക്കുകയുണ്ടായി).

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചരമോപചാരം:

മുൻ നിയമസഭാംഗം പി. ഉണ്ണിക്കൃഷ്ണപിള്ള, സ്വാതന്ത്ര്യസമര സേനാനി കെ. ഇ. മാമ്മൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ ഏതാനും നിമിഷം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു

ചെയർമാൻമാരുടെ പാനൽ:

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു:

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മുല്ലക്കര രത്നാകരൻ

,, എ. പി. അനിൽ കുമാർ

KNPP. 1070/2017 (i).

അടിയന്തരപ്രമേയം:

സംസ്ഥാനത്ത് രാഷ്ട്രീയ സംഘട്ടനങ്ങളും അക്രമങ്ങളും കൊലപാതകങ്ങളുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന, ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് ശ്രീ. കെ. മുരളീധരനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് കേരള കോൺഗ്രസ് (എം), ബി.ജെ.പി. എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

(മറ്റു പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു.)

ശ്രദ്ധ ക്ഷണിക്കൽ :

കടുത്ത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിനായി നിർദ്ദിഷ്ട പുനരുദ്ധാരണ പാക്കേജ് അടിയന്തരമായി നടപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എസ്. ശർമ്മ ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. ബി. ഡി. ദേവസ്സി | കൊച്ചി മെട്രോ തൃശ്ശൂർ വരെ നീട്ടുന്നത് | മുഖ്യമന്ത്രി |
| 2. | ശ്രീ. എ. എം. ആരിഫ് | കൊച്ചി മെട്രോ അരൂർ വരെ നീട്ടുന്നത് | മുഖ്യമന്ത്രി |
| 3. | ശ്രീ. ജോർജ് എം. തോമസ് | ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപ്പാതകളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

അതത് വിഷയങ്ങൾ സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

മേശപ്പുറത്തു വച്ച കടലാസുകൾ :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് |
|---|---|---|---|
| 1 | 2017 | 16 | 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് |
| 2 | 2017 | 12 | 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് |
| 3 | 2017 | 11 | 2017-ലെ കേരള ചരക്കുസേവന നികുതി ഓർഡിനൻസ് |
| 4 | 2017 | 7 | 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസ് |
| 5 | 2017 | 14 | 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസ് |
| 6 | 2017 | 8 | 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് |
| 7 | 2017 | 17 | 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് |
| 8 | 2017 | 13 | 2017-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ഓർഡിനൻസ് |
| 9 | 2017 | 9 | 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് |
| 10 | 2017 | 10 | 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് |
| 11 | 2017 | 15 | 2017-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ് |
| 12 | 2017 | 18 | 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് |
| 13 | 2017 | 19 | 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് |

<u>റിപ്പോർട്ട് സമർപ്പണം:</u>

സബ്ജക്ട് കമ്മറ്റി VI-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.

<u>നിയമനിർമ്മാണകാര്യം:</u>

1. സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മന്ത്രി മേശപ്പുറത്തുവച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ചു. തുടർന്ന്, അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ബിൽ ഭക്ഷ്യവും സിവിൽ സപ്ളൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് ചർച്ച കൂടാതെ അയയ്ക്കുകയും ചെയ്തു.

2. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബില്ലും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. എം. നൗഷാദ് അവതരിപ്പിച്ചു. അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് ചർച്ച കൂടാതെ അയച്ചു.

2017 ആഗസ്റ്റ് 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.07-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Seventh Session**

# BULLETIN—PART I

( Brief Record of Proceedings )

*Monday, August 7, 2017*

**No. 80**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

(National Anthem was sung before the commencement of proceedings.)

*Questions:*

Five questions in the list of questions posted for the day were answered orally.

*Obituary Reference:*

The Speaker made references on the demise of former Member P. Unnikrishna Pillai and freedom fighter K. E. Mammen. As a mark of respect to the deceased the Members stood in silence for a while.

*Panel of Chairmen:*

The following Members were nominated to the Panel of Chairmen for the Seventh session of the Fourteenth Kerala Legislative Assembly:

Smt. P. Aisha Potty

Shri Mullakkara Retnakaran

" A. P. Anil Kumar

*Adjournment Motion:*

After hearing the Chief Minister , the Speaker withheld consent to the moving of an adjournment motion given notice of by Shri K. Muraleedharan and two other Members regarding the serious situation reported to have arisen consequent on the political violence and murders in the State.

KNPP.1070/2017 (ii).

In protest against the attitude of the Government in the matter the Members belonging Kerala Congress (M) and B.J.P. staged a walk-out.

(The Members belonging to the rest of the opposition moved into the well of the House raising slogans and tried to disrupt the proceedings of the House.)

*Calling Attention:*

Shri S. Sarma called the attention of the Minister for Transport to the necessity to implement the proposed revival package for saving K.S.R.T.C., which was reportedly facing severe crisis. The Minister made a statement thereto.

*The Matters raised under Rule 304 :*

The matters raised by Members in the House under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ബി. ഡി. ദേവസ്സി | കൊച്ചി മെട്രോ തൃശ്ശൂർ വരെ നീട്ടുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. എ. എം. ആരിഫ് | കൊച്ചി മെട്രോ അരൂർ വരെ നീട്ടുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. ജോർജ് എം. തോമസ് | ആനക്കാംപൊയിൽ-കള്ളാടി - മേപ്പാടി തുരങ്കപ്പാതയുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

The Minister concerned made statements thereto.

*Papers laid on the Table:*

The following papers were laid on the Table:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2017 | 16 | 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 2017 | 12 | 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് |
| 3 | 2017 | 11 | 2017-ലെ കേരള ചരക്കുസേവന നികുതി ഓർഡിനൻസ് |
| 4 | 2017 | 7 | 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസ് |
| 5 | 2017 | 14 | 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസ് |
| 6 | 2017 | 8 | 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് |
| 7 | 2017 | 17 | 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് |
| 8 | 2017 | 13 | 2017-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ഓർഡിനൻസ് |
| 9 | 2017 | 9 | 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് |
| 10 | 2017 | 10 | 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് |
| 11 | 2017 | 15 | 2017-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ് |
| 12 | 2017 | 18 | 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് |
| 13 | 2017 | 19 | 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് |

*Presentation of Report:*

The Periodical Report of the Subject Committee VI for the year ended March 31, 2017 was presented.

*Legislative Business:*

1 Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms introduced the Kerala Co-operative Societies (Amendment) Bill, 2017 and moved that the Bill be referred to Subject Committee. The Minister also laid on the table the statement under Rule 75 (1)

Shri S. Sarma moved an amendment for referring the Bill to a Select Committee. Then, the amendment moved was withdrawn by the leave of the House and the Bill was referred to Subject Committee XI-Food, Civil Supplies and Co-operation without discussion.

2. Smt. K. K. Shailaja Teacher, Minister for Health and Social Justice introduced the Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Bill, 2017 and moved that the Bill be referred to Subject Committee. The Minister also laid on the table a statement under Rule 75 (1). Shri M. Noushad moved an amendment for referring the Bill to a Select Committee. The amendment moved was withdrawn by the leave of the House. Then the Bill was referred to Subject Committee XII-Health and Family Welfare without discussion.

The House adjourned at 11.07 a.m. to meet again at 8.30 a.m. Tuesday, August 8, 2017.

V. K. BABU PRAKASH,
*Secretary.*